**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3090** **11-03-2025 - ൽ മറുപടിയ്ക്ക്**

**മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മണ്ഡലത്തിൽ തൊടുപുഴ ആറിനു കുറുകെ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | തൊടുപുഴ മാരിയിൽ കലുങ്ക് പാലം നിർമ്മാണ പ്രവൃത്തിയിൽ പാലവും രണ്ട് വശങ്ങളിലായി തൊടുപുഴ സൈഡിലേയും, കാഞ്ഞിരമറ്റം സൈഡിലേയും അപ്രോച്ച് റോഡുകളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡുകളുടെ എൽ.എ നടപടികൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. അതിന് ശേഷം 07/11/2024 തീയതിയിലെ സഉ(സാധാ)നമ്പർ 1129/2024/ പൊ.മ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് തൊടുപുഴ ഭാഗത്തെ അപ്രോച്ച് റോഡിന്റെ സർഫസിംഗ് പ്രവൃത്തികളും( ബി.എം. &ബി.സി), സംരക്ഷണ ഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ളതും, മറുകരയായ കാഞ്ഞിരമറ്റം ഭാഗത്ത് നിലവിലുള്ള കരാറുകാരൻ തന്നെ പ്രവൃത്തി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതും, അതിന് സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയുമാണ് |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ? | (ബി) | എ പിരിവിലെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ